Malappuram District Police

# കൊലക്കേസ് പ്രതി 27 വർഷങ്ങൾക്ക് ശേഷം പിടിയിൽ

**മഞ്ചേരി: (07.11.2018)**

പൂക്കോട്ടൂർ മൈലാടിയില് വെച്ച് ക്വാറി തൊഴിലാളിയായ ഒരാളെ കൊന്ന് ഒളിവിൽ പോയ പ്രതിയെ 27 വർഷങ്ങൾക്ക് ശേഷം മഞ്ചേരി പോലീസ് മംഗലാപുരത്ത് നിന്നും അറസ്റ്റ് ചെയ്തു.

തൊടുപുഴ സ്വദേശി പിണക്കാട്ട് സെബാസ്റ്റ്യൻ എന്ന കുട്ടിയച്ചൻ (81) ആണ് അറസ്റ്റിലായത്.

1991 ലാണ് കേസിനാസ്പദമായ സംഭവം നടന്നത്; പൂക്കോട്ടൂർ മൈലാടിയിലെ ക്വാറി തൊഴിലാളിയായിരുന്ന മണ്ണാർക്കാട് സ്വദേശി പറക്കൽ മുരളി എന്നയാളാണ് കൊല്ലപ്പെട്ടത്. ഇവിടുത്തെ ക്വാറിയിൽ മുരളി വഴി ജോലി നേടിയ കുട്ടിയച്ചൻ മുരളിയുമായി തുച്ഛമായ സംഖ്യയുടെ സാമ്പത്തിക ഇടപാടിനെ ചൊല്ലി വഴക്കുണ്ടാവുകയും ഇതേതുടർന്ന് ക്വാറിക്ക് സമീപമുള്ള ചായക്കടക്ക് മുൻവശം വെച്ച് ക്വാറിയിൽ പാറ പൊട്ടിക്കാൻ ഉപയോഗിക്കുന്ന ഉളികൊണ്ട് നെഞ്ചിന് കുത്തി കൊലപ്പെടുത്തുകയായിരുന്നു. സംഭവം നടക്കുമ്പോൾ കൊല്ലപ്പെട്ട മുരളിക്ക് 28 വയസ്സും പ്രതിക്ക് 54 വയസ്സുമായിരുന്നു പ്രായം.

കൊല നടത്തിയ ഉടനെ പറമ്പുകളിലൂടെയും മറ്റും ഇറങ്ങിയോടി അറവങ്കരയിലെത്തി അവിടെ നിന്ന് കോഴിക്കോട്ടേക്കും പിന്നീട് മംഗലാപുരത്തേക്കും പോവുകയായിരുന്നെന്ന് പ്രതി പോലീസിനോട് പറഞ്ഞു. പിന്നീട് ഇതുവരെ വിവിധ ജോലികളിൽ ഏർപ്പെട്ട് കർണ്ണാടകയില് കഴിഞ്ഞു വരികയായിരുന്നു പ്രതി. ഇയാൾ പല സ്ഥലത്തും സെബാസ്റ്റ്യന് @ കുട്ടിയച്ചൻ @ കുട്ടപ്പൻ @ ബാബു @ മുഹമ്മദ് @ ബാലു എന്നിങ്ങനെ പല പേരുകളാണ് നൽകിയിട്ടുള്ളത്.

ഇയാളെ പിടികൂടാൻ പോലീസ് നിരവധി തവണ പ്രതേക അന്വേഷണസംഘങ്ങൾ രൂപീകരിച്ച് അന്വേഷണം നടത്തിയെങ്കിലും ഇതുവരെ ടിയാനെ കുറിച്ച് പോലീസിന് വിവരവും ലഭിക്കുകയുണ്ടായില്ല. പ്രതി 30 വർഷത്തിലധികമായി കുടുംബവുമായി അകന്ന് നിൽക്കുന്നതിനാൽ വീട്ടുകാർക്കും ഇയാളെക്കുറിച്ച് സൂചനയില്ലായിരുന്നു. ഈയിടെ പ്രതി സ്ഥിരമായി മദ്യപിച്ച് പ്രശ്നമുണ്ടാക്കിയതിനെ തുടർന്ന് ഇയാള് താമസിച്ചിരുന്ന വാടക റൂമിന്റെ ഉടമസ്ഥൻ റൂമ് ഒഴിഞ്ഞു തരണമെന്ന് പറഞ്ഞതിന് ക്വാറിയിൽ ഉപയോഗിക്കുന്ന വെടിമരുന്നും തിരകളും ഉപയോഗിച്ച് ബോംബുകൾ ഉണ്ടാക്കി വീടിന്റെ ഉള്ളിലേക്ക് എറിഞ്ഞതില് സ്ഫോടനത്തില് വീട്ടുടമക്കും മറ്റും പരിക്ക് പറ്റിയ കാര്യത്തിന് മംഗലാപുരം പുത്തൂർ പോലീസ് സ്റ്റേഷനില് ഇയാൾക്കെതിരെ കേസെടുത്തിട്ടുണ്ട്.

മലപ്പുറം ഡി.വൈ.എസ്.പി തോട്ടത്തിൽ ജലീലിന്റെ നിർദ്ദേശപ്രകാരം, സിഐ എൻ.ബി. ഷൈജു, എസ്ഐ ജലീൽ കറുത്തേടത്ത്, പി. മുഹമ്മദ് സലീം എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.